പോലീസിന്റെ ഇൻവെസ്റ്റിഗേഷൻ സ്റ്റേജിലും കോടതിയുടെ പരിഗണനയിലുമാണ്. ശിക്ഷാ നടപടികൾ ഒന്നും അറിവായിട്ടില്ല.

(ബി) ഏറ്റവും കൂടുതൽ വൈദ്യുതി മോഷണം കണ്ടുപിടിക്കപ്പെട്ടിട്ടുള്ളത് തിരിവനന്തപുരം ജില്ലയിലാണ്. ഡിവിഷൻ, സബ്ഡിവിഷൻ തലത്തിലുള്ള കണക്കുകൾ ലഭ്യമല്ല.

(സി) ഏറ്റവും കൂടുതൽ വൈദ്യുതി നഷ്ടം രേഖപ്പെടുത്തുന്ന ജില്ല കാസർഗോഡാണ്. ഡിവിഷൻ, സബ്ഡിവീഷൻ എന്നിവ തിരിച്ചുള്ള കണക്കുകൾ നിലവിലുള്ള സാഹചര്യത്തിൽ ലഭ്യമല്ല.

(ഡി) വൈദ്യുതി മോഷണം തടയുന്നതിനായി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസിന്റെ (വിജിലൻസ് ആൻഡ് സെക്യൂരിറ്റി) മേൽനോട്ടത്തിലും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ (ആന്റി പവർ തെഫ്റ്റ് സ്കാഡ്) നിയന്ത്രണത്തിലും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കേന്ദ്രമാക്കി ഓരോ ആന്റി പവർ തെഫ്റ്റ് റീജിയണൽ യൂണിറ്റും അതിനുകീഴിൽ തിരുവനന്തപുരം റീജിയണൽ യൂണിറ്റിൽ തിരുവനന്തപുരത്തും കോട്ടയത്തും രണ്ടും, എറണാകുളം റീജിയണൽ യൂണിറ്റിൽ എറണാകുളം, വാഴത്തോപ്പ്, പാലക്കാട് ആയി മൂന്നും കോഴിക്കോട് റീജിയണൽ യൂണിറ്റിൽ കോഴിക്കോട്, കാസർഗോഡ്, കൽപ്പറ്റ എന്നിവിടങ്ങളിൽ ആയി മൂന്നും ആന്റി പവർ തെഫ്റ്റ് സ്കാഡുകൾ രൂപീകരിച്ചു. കൂടാതെ ഹൈടെൻഷൻ/ എക്സ്ട്രാ ഹൈടെൻഷൻ മേഖലയെക്കൂടി ബോർഡിലെ ചീഫ് വിജിലൻസ് ആന്റ് സെക്യൂരിറ്റി ഓഫീസറുടെ അധികാരപരിധിയിൽ കൊണ്ടു വരികയും ആയതിന് ചുമതലക്കാരായി മൂന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ആന്റി പവർ തെഫ്റ്റ് യൂണിറ്റ് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

വൈദ്യുതി മോഷണം തടയാൻ സ്കാഡുകൾ

120 (1663) ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ മേഖലയിലും ഹോട്ടൽ, ലോഡ്ജുകൾ എന്നിവിടങ്ങളിലും വൈദ്യുതി മോഷണം കണ്ടുപിടിക്കാനും തടയാനും സ്കാഡ് പ്രവർത്തിക്കുന്നുണ്ടോ ;

(ബി) കഴിഞ്ഞ വർഷം ഇവരുടെ പ്രവർത്തനഫലമായി എത്ര വൈദ്യുതി മോഷണകേസ്സുകൾ കണ്ടു പിടിച്ചിട്ടുണ്ട് ;

(സി) ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ഡി) പിഴ ഇനത്തിൽ എത്ര രൂപ പിരിഞ്ഞ് കിട്ടിയെന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 93.

(സി) കണ്ടുപിടിക്കപ്പെട്ട മോഷണകേസ്സുകളിൽ ഇരുപത്തി ഏഴ് (27) ഉപഭോക്താക്കൾക്കെതിരെ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) പിഴയിനത്തിൽ 2,31,15,454 രൂപ പിരിഞ്ഞ് കിട്ടിയിട്ടുണ്ട്.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടങ്ങിവച്ച വൈദ്യുത പദ്ധതികൾ

121 (1664) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടങ്ങിവച്ച വൈദ്യുത പദ്ധതികളിൽ എത്ര പദ്ധതികൾ പൂർത്തികരിച്ചിട്ടുണ്ട് ; അവ ഏതൊക്കെയാണ് ;

(ബി) അവയിൽ നിന്നും എത്ര വൈദ്യുതി കൂടുതലായി ഉൽപ്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട് ?

ഉത്തരം

(എ) വൈദ്യുത ബോർഡിന്റെ രണ്ട് പദ്ധതികളും, സ്വകാര്യ മേഖലയിൽ 2 പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

വൈദ്യുത ബോർഡിന്റെ പദ്ധതികൾ

1. കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതി (50 മെഗാവാട്ട്)

2. കോഴിക്കോട് ഡീസൽ പവർ പ്ലാന്റ് (128 മെഗാവാട്ട്)

സ്വകാര്യമേഖലയിലെ പദ്ധതികൾ

1. സി.എസ്.ഇ.എസ്. കൊച്ചി (157 മെഗാവാട്ട്) ഭാഗികമായി

2. കെ.പി.സി.എൽ. കാസർഗോഡ് (20 മെഗാവാട്ട്)

(ബി)

1. കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതി : 31-5-2003 വരെ 110.0 മില്യൻ യൂണിറ്റ് കൂടുതലായി ഉൽപ്പാദിപ്പിച്ചു.

2. കോഴിക്കോട് ഡീസൽ പവർ പ്ലാന്റ് : 31-5-2003-വരെ 1371.694 മില്യൻ യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly